# വൻകിട കെട്ടിടനിർമാണം: ഊർജസംരക്ഷണ ചട്ടങ്ങൾ പാലിക്കണം

## ചട്ടങ്ങൾ വിജ്ഞാപനംചെയ്തു

**പ്രത്യേക ലേഖകൻ**
തിരുവനന്തപുരം

▶ വൻകിട കെട്ടിടങ്ങൾ നിർമിക്കുമ്പോൾ വൈദ്യുതി ഉപഭോഗം പരമാവധി കുറയ്ക്കാനുള്ള ഊർജസംരക്ഷണ ചട്ടങ്ങൾ പാലിച്ചില്ലെങ്കിൽ അനുമതി വിലക്കും. ഊർജസംരക്ഷണമുറപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ കേരളം പുറപ്പെടുവിച്ചു. പഞ്ചായത്ത്, നഗരസഭാ കെട്ടിടനിർമാണ ചട്ടങ്ങളിൽ വൈകാതെ ഇവ ഉൾപ്പെടുത്തും.

100 കിലോവാട്ടുമുതൽ വൈദ്യുതി ഉപയോഗമുള്ള, അല്ലെങ്കിൽ 120 കെവിഎ കോൺട്രാക്ട് ഡിമാൻഡുള്ള കെട്ടിടങ്ങൾക്കാണ് ചട്ടങ്ങൾ ബാധകം. ഇതിനുപുറമേ, കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നതെന്ന് കേന്ദ്രം വിജ്ഞാപനംചെയ്യുന്ന വ്യവസായ വാണിജ്യ കെട്ടിടങ്ങൾക്കും ഇത് ബാധകമാവും. ഫൈവ് സ്റ്റാർ ഹോട്ടലുകൾ, വൻകിട വ്യവസായശാലകൾ എന്നിവയാണ് നിലവിൽ കേരളത്തിൽനിന്ന് ഈ വിഭാഗത്തിലുള്ളത്.

വൈദ്യുതി ഉപഭോഗം പരമാവധി കുറയ്ക്കാനുതകുന്ന നിർമാണരീതികൾ തിരഞ്ഞെടുക്കുന്നത് പ്രോത്സാഹിപ്പിക്കാനാണ് ചട്ടങ്ങൾ കൊണ്ടുവരുന്നതെന്ന് എനർജി മാനേജ്മെന്റ് സെന്റർ (ഇഎംസി) ഡയറക്ടർ ഡോ. ആർ. ഹരികുമാർ പറഞ്ഞു. കേരളത്തിൽ ഇവ നടപ്പാക്കാനുള്ള ചുമതല ഇഎംസിക്കാണ്.

നിർമാണസാമഗ്രികളുടെ തിരഞ്ഞെടുപ്പും എസി പോലുള്ള വൈദ്യുതോപകരണങ്ങളുടെ ക്ഷമതയും ഉറപ്പുവരുത്തിവേണം കെട്ടിടങ്ങൾ നിർമിക്കാൻ. പ്ലാനിൽ ഇതൊക്കെ പാലിക്കുന്നുണ്ടെന്ന സർട്ടിഫിക്കറ്റ് നേടണം. ഒരു ചതുരശ്രമീറ്ററിന് പരമാവധി ഇത്ര വൈദ്യുതി ഉപയോഗിക്കാം എന്നനിലയിലാണ് ഇതിന്റെ സൂചിക കണക്കാക്കുന്നത്. നിർമാണത്തിന് എത്രത്തോളം സ്റ്റീൽ, അലുമിനീയം, ഗ്ലാസ്, ഇഷ്ടിക എന്നിവ ഉപയോഗിക്കാമെന്നതൊക്കെ വിലയിരുത്തും.

പ്ലാൻ അംഗീകാരത്തിനായി തദ്ദേശ സ്ഥാപനങ്ങളിൽ നൽകുമ്പോൾ ഇഎംസിയിൽനിന്നോ ഇഎംസി എം-പാനൽ ചെയ്യുന്ന ഏജൻസികളിൽനിന്നോ ഈ ചട്ടങ്ങൾ ഉറപ്പാക്കിയിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് നൽകണം.